**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3890** **15-07-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് സുപ്രീം കോടതി ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ച തുക ലഭ്യമാകാത്തതിനാൽ പ്രസ്തുത വിഭാഗം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എൻഡോസൾഫാൻ ദുരിത ബാധിത ലിസ്റ്റിൽ അനർഹർ കടന്നുകൂടിയതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ്തല അന്വേഷണ ത്തിന്റെ ഭാഗമായാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടത്. നിലവിൽ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതാപരിശോധനയ്ക്ക് വിധേയമായി ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | അർഹതയുള്ളവരെക്കൊണ്ട് വീണ്ടും അപേക്ഷിപ്പിച്ചും വീണ്ടും ലിസ്റ്റ് തയ്യാറാക്കലുമായി ഒരു നടപടിയും പൂർത്തീകരിക്കാതെ പോകുന്ന അവസ്ഥ ഇല്ലാതാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | എൻഡോസൾഫാൻ ദുരിത ബാധിത ലിസ്റ്റിൽ അനർഹർ കടന്നുകൂടിയതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ്തല അന്വേഷണ ത്തിന്റെ ഭാഗമായാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടത്. നിലവിൽ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതാപരിശോധനയ്ക്ക് വിധേയമായി ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ബഹു: സുപ്രീംകോടതി എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങളിൽ മൂന്നു തവണ ഇടപെട്ടിട്ടും പ്രസ്തുത വിഭാഗത്തിന്റെ കഷ്ടത തുടരുന്നത് അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി 200 കോടി രൂപയുടെ അധിക ധനാനുമതി ലഭിയ്ക്കുകയും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ വ്യക്തികളെ ജില്ലാ കളക്ടർ കണ്ടെത്തുന്ന മുറയ്ക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 24/03/2022-ലെ സ.ഉ.(കൈ) 4/2022/സാനീവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതാ പരിശോധനയ്ക്ക് വിധേയമായി അടിയന്തിരമായി |

| | | | |
|---|---|---|---|
| | | | ധനസഹായം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും അർഹതയുള്ള 90% പേർക്കും നാളിതുവരെ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ